REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 23-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.
- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിയ്ക്കാൻ ഇനി ഒന്നര ദിവസത്തിൽ താഴെ മാത്രം സമയം.
- മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണ്ണമി ഉത്സവം ഇന്ന്.
- ഇന്ന് ലോക പുസ്തകദിനം.
- ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും.

## വാർത്തകൾ വിശദമായി

ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. മൂന്ന് പത്മവിഭൂഷണും എട്ടു പത്മഭൂഷണും അൻപത്തിയഞ്ചു പത്മശ്രീ പുരസ്കാരങ്ങളുമാണ് രാഷ്ട്രപതിഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ വിതരണം ചെയ്തത്. പൊതുരംഗത്തെ സംഭാവനകൾ പരിഗണിച്ചു മുൻ ഉപരാഷ്ട്രപതി M. വെങ്കയ്യ നായിഡുവിനും കലാരംഗത്തെ സംഭാവനകൾക്ക് ഭരതനാട്യ

നർത്തകി ഡോക്ടർ പത്മ സുബ്രഹ്മണ്യത്തിനും സാമൂഹ്യരംഗത്ത പ്രവർത്തനത്തിന് ബിന്ദേശ്വർ പഥക്കിനുമാണ് പത്മവിഭൂഷൺ ലഭിച്ചത്. ബംഗാളി ഹിന്ദി സിനിമകൾക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചു നടൻ മിഥുൻചക്രബർത്തിക്ക് പത്മഭൂഷൺ സമ്മാനിച്ചു.

എട്ട് മലയാളികളാണ് പത്മ പുരസ്കാരങ്ങൾക്ക് അർഹരായത് ജസ്റ്റിസ് ഫാത്തിമാബീവിക്കും മുൻ കേന്ദ്ര മന്ത്രി O.രാജഗോപാലിനും പത്മഭൂഷൺ ലഭിച്ചു. സുപ്രീംകോടതിയിലെ ആദ്യ വനിതാ ജഡ്ജിയായ ജസ്റ്റിസ് ഫാത്തിമാ ബീവിക്ക് മരണാനന്തര ബഹുമതിയായാണ് പത്മഭൂഷൺ ലഭിച്ചത്. കഥകളി ആചാര്യൻ സദനം ബാലകൃഷ്ണൻ ,തെയ്യം കലാകാരൻ E.P നാരായണൻ ,കാസർക്കോട്ടെ നെൽ കർഷകൻ സത്യനാരായണ ബലേരി എഴുത്തുകാരൻ പകരാവൂർ ചിത്രൻ നമ്പൂതിരിപ്പാട് ആധ്യാത്മികാചാര്യൻ മുനി നാരായണപ്രസാദ് തിരുവിതാംകൂർ രാജകുടുംബാംഗം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായ് എന്നീ മലയാളികൾക്കാണ് പത്മശ്രീ പുരസ്കാരങ്ങൾ.

ചടങ്ങിൽ ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ ,പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

കോൺഗ്രസ് ഭരണത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമവും ഭാരതീയ ന്യായ സംഹിത, നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം, എന്നിവ

പിൻവലിക്കുമെന്ന P. ചിദംബരത്തിന്റെ പ്രസ്താവനയെ ആഭ്യന്തര മന്ത്രി അമിത് ഷാ നിശിതമായി വിമർശിച്ചു. കോൺഗ്രസ് ഭരണത്തിലെത്താനോ, ജനക്ഷേമത്തിനുവേണ്ടി കൊണ്ടുവന്ന നിയമങ്ങൾ പിൻവലിക്കാനോ പോകുന്നില്ലെന്ന് അദ്ദേഹം പ്രസ്താവനയിൽ അറിയിച്ചു. കോൺഗ്രസ് ഇപ്പോഴും പ്രീണന രാഷ്ട്രീയത്തിന്റെ പിന്നാലെയാണെന്ന് അമിത് ഷാ കുറ്റപ്പെടുത്തി.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പ്രസംഗത്തിലൂടെ രാജ്യത്തിന്റെ തെക്കും വടക്കും തമ്മിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിച്ച് BJP സംഘം തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. ഭാഷയുടെ പേരിലും രാഹുൽ ഗാന്ധി ആശയക്കുഴപ്പം ഉണ്ടാക്കുകയാണെന്ന് BJP നേതാവ് തരുൺ ഛുഗ് ഡൽഹിയിൽ കുറ്റപ്പെടുത്തി.

രാജസ്ഥാനിൽ തെരഞ്ഞെടുപ്പ് റാലിക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു പ്രത്യേക സമുദായത്തിനെതിരെ വിവാദ പരാമർശം നടത്തിയെന്നാരോപിച്ച് കോൺഗ്രസ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി. അഭിഷേക് മനു സിംഗ്-വിയുടെ നേതൃത്വത്തിൽ കമ്മീഷനെ നേരിട്ട് കണ്ട കോൺഗ്രസ് സംഘം പ്രധാനമന്ത്രിയുടെ പ്രസംഗം മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്നും ഇതിൽ നടപടി വേണമെന്നും ആവശ്യപ്പെട്ടു.

പ്രധാനമന്ത്രിയുടെ പരാമർശം വിഭാഗീയത സൃഷ്ടിക്കുന്നതാണെന്ന് CPIM പൊളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കാസർകോട്ട് ആരോപിച്ചു. ഇതിനെതിരെ പരാതി നൽകുമെന്ന് കാരാട്ട് പറഞ്ഞു.

സൂററ്റിൽ BJP സ്ഥാനാർത്ഥിയെ എതിരില്ലാതെ തെരഞ്ഞെടുത്ത നടപടിയിലും കോൺഗ്രസ് കമ്മീഷന് പരാതി നൽകി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് ഏഴ് സ്ഥാനാർത്ഥികളുടെ മറ്റൊരു പട്ടിക കൂടി കോൺഗ്രസ് പുറത്തുവിട്ടു. ബീഹാർ, പഞ്ചാബ് സംസ്ഥാനങ്ങളിലെ സ്ഥാനാർത്ഥികളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പഞ്ചാബിൽ ശിരോമണി അകാലിദൾ അഞ്ച് സ്ഥാനാർത്ഥികളുടെ രണ്ടാമത്തെ പട്ടികയും പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം അവസാനിയ്ക്കാൻ ഇനി ഒന്നര ദിവസത്തിൽ താഴെ മാത്രം സമയം. മൂന്ന് മുന്നണികളും പ്രചാരണ രംഗത്ത് ഒപ്പത്തിനൊപ്പം മുന്നേറുകയാണ്. രണ്ട് മാസത്തോളം നീണ്ട പ്രചാരണങ്ങൾ നാളെ വൈകിട്ട് സമാപിയ്ക്കും.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്........

പ്രധാനമന്ത്രിയും, കേന്ദ്രമന്ത്രിമാരും, BJP അധ്യക്ഷനടക്കം മുതിർന്ന പാർട്ടി നേതാക്കളും, പ്രതിപക്ഷ - ദേശീയ നേതാക്കളും, NDA-യ്ക്ക് വേണ്ടി പ്രചാരണത്തിനെത്തി. മുഖ്യമന്ത്രിയും, മന്ത്രിമാരും, ഇടത് ദേശീയ നേതാക്കളും കേരളത്തിൽ LDF പ്രചാരണത്തിന്റെ ആവേശം ഉയർത്താൻ എത്തിയിരുന്നു.

കോൺഗ്രസ് അധ്യക്ഷനും AICC ജനറൽ സെക്രട്ടറിമാരും പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും, മറ്റ് നേതാക്കളും UDF-ന് വേണ്ടി കേരളത്തിലെത്തി. ഇന്നും വിവിധ കക്ഷികളുടെയും മുന്നണികളുടെയും ദേശീയ - സംസ്ഥാന നേതാക്കൾ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

അവസാനവട്ട പ്രചാരണത്തിലൂടെ പരമാവധി വോട്ടുറപ്പിക്കാൻ സ്ഥാനാർത്ഥികളും പ്രവർത്തകരും ശേഷിക്കുന്ന മണിക്കൂറുകളിൽ സജീവമായി രംഗത്തെത്തും.

✪✪✪

കേരളത്തിൽ 20 മണ്ഡലങ്ങളിലെ വോട്ടർമാർ വെള്ളിയാഴ്ച ബൂത്തിലെത്തും. ഇതോടൊപ്പം കർണാടകയിലെ 14, രാജസ്ഥാനിലെ 13, ഉത്തർപ്രദേശിലെയും മഹാരാഷ്ട്രയിലെയും 8 വീതം സീറ്റുകളിലും 26-നാണ് വോട്ടെടുപ്പ്.

ഇതിന് പുറമെ മധ്യപ്രദേശിലെ ഏഴ്, അസം, ബീഹാർ, എന്നിവിടങ്ങളിലെ അഞ്ച് വീതം, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെ മൂന്ന് വീതം സീറ്റുകളിലും

മണിപ്പൂർ, ജമ്മുകശ്മീർ, ത്രിപുര എന്നിവിടങ്ങളിൽ ഓരോ സീറ്റിലും വെള്ളിയാഴ്ച വോട്ടെടുപ്പ് നടക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിലെ 1,866 ബൂത്തുകളും വെബ് കാസ്റ്റ് ചെയ്യും. ഇതിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി. നാളെ ഇതിന്റെ ടെസ്റ്റ് റൺ നടത്തും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

............വോയ്സ്............

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കാസർകോട് പുതിയ ബസ്റ്റാന്റിൽ സ്വീപ് കളരിപ്പയറ്റ് സംഘടിപ്പിച്ചു. കുടുംബശ്രീ ട്രൈബൽ കളരി അക്കാദമിയിലെ ബാലസഭാംഗങ്ങളാണ് അങ്കം എന്ന പേരിൽ കളരിപ്പയറ്റ് ഒരുക്കിയത്.

✪✪✪

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കോഴിക്കോട്, വടകര മണ്ഡലങ്ങളിൽ പോസ്റ്റൽ വോട്ട് രേഖപ്പെടുത്താൻ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ ഇന്ന് പ്രവർത്തനം ആരംഭിക്കും. വടകരയിൽ PWD റസ്റ്റ് ഹൗസിലും കോഴിക്കോട്ട് ജില്ലാ പഞ്ചായത്ത് ഹാളിലുമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

എറണാകുളം കാക്കനാട് M.A അബൂബക്കർ മെമ്മോറിയൽ ഗവൺമെൻറ് LP സ്കൂളിലും വോട്ടിംഗ് ഫെസിലിറ്റേഷൻ സെൻ്റർ ഇന്ന് പ്രവർത്തനമാരംഭിക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ എറണാകുളം ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ മൂന്നാം ഘട്ട ചെലവ് രജിസ്റ്റർ പരിശോധന ഇന്ന് എറണാകുളം ഗസ്റ്റ് ഹൗസിൽ നടക്കും. എക്സ്പൻഡിച്ചർ ഒബ്സർവർ പ്രമോദ് കുമാറിന്റെ നേതൃത്വത്തിലാണ് പരിശോധന.

✪✪✪

കാസർകോട് ജില്ലയിൽ വോട്ടിംഗ് മെഷീനുകളുടെയും വിവിപാറ്റുകളുടെയും സപ്ലിമെന്ററി റാൻഡമൈസേഷൻ നടപടി പൂർത്തിയായി. വോട്ടിംഗ് മെഷീനുകളുടെ കമ്മീഷനിംഗിന് ശേഷം ചില മണ്ഡലങ്ങളിൽ തകരാർ സംഭവിച്ച മെഷീനുകൾക്ക് പകരം വോട്ടിംഗ് യന്ത്രങ്ങൾ റാൻഡമൈസേഷനിൽ അനുവദിച്ചു.

✪✪✪

വാർത്താസമ്മേളനത്തിൽ അപകീർത്തികരമായ പ്രസ്താവന നടത്തി എന്ന് ആരോപിച്ചു വടകരയിലെ UDF സ്ഥാനാർഥി, LDF സ്ഥാനാർഥിയ്ക്കെതിരെ വക്കീൽ നോട്ടീസ് അയച്ചു. വിഷയത്തിൽ പരസ്യമായി ക്ഷമാപണം നടത്തണമെന്നാണ് നോട്ടിസിലെ ആവശ്യം.

✪✪✪

പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന പുരാതന കണ്ണകി ക്ഷേത്രമായ മംഗളാദേവിയിൽ ചിത്രാപൗർണ്ണമി ഉത്സവത്തിൽ പങ്കെടുക്കാൻ വൻ ഭക്തജന തിരക്ക്. കർശന നിയന്ത്രണങ്ങളോടെ നടക്കുന്ന ഉത്സവ ദർശനത്തിനായി നൂറ് കണക്കിന് ഭക്തരാണ് രാവിലെ മുതൽ ക്ഷേത്രത്തിലേക്കെത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.

............വോയ്സ്............

✪✪✪

ഇന്ന് ലോക പുസ്തകദിനം. മനുഷ്യനിലെ ഏറ്റവും സർഗ്ഗാത്മകമായ അനുഭവമാണ് വായന. അറിവിന്റെ അനന്തതയിലേക്ക് അത് വായനക്കാരെ നയിക്കുന്നു.

ജ്ഞാനത്തിനും സംസ്കാരത്തിനും പുതുമ നൽകിയ വിശ്വസാഹിത്യത്തിലെ അതികായരായ ഷേക്സ്പിയർ, സെർവാന്റസ്, ഗാർസിലാസോ ഡെലവേഗ എന്നിവരുടെ ചരമ ദിനമായ ഏപ്രിൽ 23 ലോക പുസ്തകദിനമായി ആചരിക്കുന്നതിന് 1995-ലെ യുനെസ്കോ പൊതുസമ്മേളനമാണ് തീരുമാനമെടുത്തത്. സംസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും സാസ്കാരിക സംഘടനകളുടെയും ഗ്രന്ഥശാലകളുടെയും ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ആദ്യമത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് തകർപ്പൻ ജയം. ജയ്പൂരിൽ മുംബൈ ഇന്ത്യൻസിനെ ഒമ്പതു വിക്കറ്റിനാണ് രാജസ്ഥാൻ റോയൽസ് പരാജയപ്പെടുത്തിയത്.

ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, ലക്നോ സൂപ്പർജയന്റ്സുമായി ഏറ്റുമുട്ടും. ചെന്നൈയിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ഉയർന്ന താപനില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വെള്ളിയാഴ്ച വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40°C വരെയും, കൊല്ലം, കോഴിക്കോട്, തൃശൂർ, കണ്ണൂർ ജില്ലകളിൽ 38°C വരെയും, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 37°C വരെയും താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. അതേസമയം സംസ്ഥാനത്ത് ഇന്നും ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ഇന്നത്തെ മധുര കോയമ്പത്തൂർ എക്സ്പ്രസ്, കോയമ്പത്തൂർ - കണ്ണൂർ എക്സ്പ്രസ്, ആലപ്പുഴ - ധൻബാദ്

എക്സ്പ്രസ്, എറണാകുളം - ബംഗലുരു ഇന്റർസിറ്റി ട്രെയിനുകൾ പതിവു പോലെ സർവീസ് നടത്തുമെന്ന് റെയിൽവെ അറിയിച്ചു. ഈ ട്രെയിനുകൾ വഴി തിരിച്ചു വിടുകയോ യാത്ര വെട്ടിച്ചുരുക്കയോ ചെയ്യുമെന്ന് നേരത്തെ അറിയിച്ചിരുന്നു.

✪✪✪

മണ്ണാർക്കാട് തെങ്കര വെള്ളാരംകുന്ന് പഴയ മാർക്കറ്റിൽ തീപിടിച്ചു. പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു സംഭവം. അഗ്നിരക്ഷാസേന എത്തി തീ അണച്ചു. തീ പിടിത്തത്തിന്റെ കാരണം വ്യക്തമല്ലെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪